പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2402 — 20.06.2012-ൽ മറുപടിക്ക്

## സിനിമ - സീരിയൽ മേഖലയിലെ കലാകാരൻമാർക്കും സാങ്കേതിക തൊഴിലാളികൾക്കും വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സിനിമ - സീരിയൽ മേഖലയിലെ കലാകാരൻ മാർക്കും സാങ്കേതിക മേഖലയിലെ തൊഴിലാളികൾക്കും തൊഴിൽ വകുപ്പിൻെറ 31.01.2011 ലെ ഉത്തരവനുസരിച്ചുള്ള വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (എ) തൊഴിൽ വകുപ്പിൽ നിന്നും 31-01-2011 ൽ അത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട വേതനം ഏജൻറുമാർ ചൂഷണം ചെയ്യുന്നുണ്ടോയെന്ന് സർക്കാർ പരിശോധിക്കുമോ; | (ബി) പരാതി ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) ഈ മേഖലയിലെ തൊഴിലാളികൾക്കും കലാകാരന്മാർക്കും നിയമപരമായി ലഭിക്കേണ്ട വേതനം ലഭിക്കാനും ഏജൻറുമാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ? | (സി) അത്തരം പരാതി ലഭിച്ചാൽ തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ച് ചട്ടപ്രകാരം തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ